F. A. C. T. Taxi service.

306. MR. E. K. MADHAVAN : Will the Honourable Minister for Industries be pleased to state :

(*a*) whether the Government are aware of the fact that the F. A. C. T., is running taxis at the rate of four annas per mile for the use of the staff ; and

(*b*) if the answer is in the affirmative will they be pleased to state the reason for such a cheap rate for taxis in the F. A. C. T. ?

HON'BLE MR. T. M. VARGHESE : ഫെർട്ടിലൈസേഴ്സ് ആൻറ് കെമിക്കൽസ് കമ്പനി ടാക്സി നടത്തുന്നതിനെപ്പറ്റി യാതൊരറിവും ഗവണ്മെൻറിനില്ല. എന്നാൽ അതേപ്പറ്റി അന്വേഷണം നടത്തിയതിൻെറ ഫലമായി താഴെ പറയുന്ന വിവരങ്ങൾ ലഭിച്ചിട്ടുണ്ട് : കമ്പനിയിലുള്ള ജോലിക്കാരിൽ അധികംപേരും ആലുവാ പട്ടണത്തിലാണ് താമസിക്കുന്നത്. അവിടെനിന്നും കമ്പനിയിലേക്ക് വളരെ ദൂരമുള്ളതുകൊണ്ട് ഈ ജോലിക്കാരെ, സമയത്തിന് കൊണ്ടുപോകുന്നതിനും മറ്റും ടാക്സി അയച്ചുകൊടുക്കുന്നുണ്ട്. അതിന് നാമമാത്രമായ ഫീലിയായി നാലണ വച്ചിരിക്കുന്നു. ഇതു് കമ്പനി ചെയ്യുന്ന ഒരേർപ്പാടാണ്. ഈ നാലണ വച്ചിരിക്കുന്നതു് അതിൻെറ ചെലവിനെ ഉദ്ദേശിച്ചുമാത്രമാണ്. യാതൊരു ലാഭവും ഉദ്ദേശിച്ചിട്ടല്ല ഇതു നടത്തുന്നതു്. ജോലിക്കാരെ സഹായിക്കുന്നതിനുവേണ്ടിയും ജോലിയുടെ ത്വരിതകരമായ പുരോഗമനത്തിനു ഇതു ആവശ്യമാണെന്നു കണ്ടതുകൊണ്ടും സൗജന്യനിരക്കിൽ ഈ ഏർപ്പാടു വരുത്തിയിരിക്കുന്നു. അവിടെ ജോലിക്കുപോകുന്ന ആളുകൾ കൂടുതലും തിരുവിതാംകൂർകാരാണ്.

MR. E. K. MADHAVAN : ക്ഷയരോഗംപോലെയുള്ള മഹാവ്യാധികൾ പിടിപെട്ടിട്ടുള്ള രോഗികളെ നാഗർകോവിലിൽ കൊണ്ടുപോകുന്നതിനുപോലും ഇവിടെ പെട്രോൾ ആവശ്യപ്പെട്ടാൽ കിട്ടാതിരിക്കുന്ന ഇക്കാലത്തു്, ഈ കമ്പനിയുടെ വിമാനത്തിന് പെട്രോൾ കൊടുക്കുന്നതു ശരിയാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ഈ കമ്പനിയുടെ വകയായ ഏതു രോപ്ലെയിനിനു് പെട്രോൾ കൊടുക്കുന്നുണ്ടോ എന്നറിവില്ല. ഏതായാലും അതുപ്പറ്റി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly